| ഗോതമ്പ്<br>ജഡാവതാരം ചെയ്തവനും, ക്രൂശിക്കപ്പെട്ടവനും, അടക്കംചെയ്യപ്പെട്ടവനുമായ ക്രിസ്തു | യവം<br>പുനരുത്ഥാനം ചെയ്തവനായ ക്രിസ്തു |
|---|---|

## I. ആവർത്തനം 8:8a-ലെ ഗോതമ്പ് ജഡാവതാരം ചെയ്തവനും, ക്രൂശിക്കപ്പെട്ടവനും, അടക്കംചെയ്യപ്പെട്ടവനുമായ ക്രിസ്തുവിനെ മുൻകുറിക്കുന്നു

**A. ക്രിസ്തു തന്റെ ജഡാവതാരത്തിൽ അപരിമേയനായ ദൈവത്തെ പരിമിതനായ മനുഷ്യനിലേക്ക് കൊണ്ടുവന്നു**

- അവൻ സ്ഥലകാലങ്ങളിൽ പരിമിതനായിരുന്നു
- അവൻ അറിവിൽ പരിമിതനായിരുന്നു
- അവന് ഒരു സ്വാഭാവികമായ മനുഷ്യജീവനും ആശ്രിക്കുന്നതായ നിലനിൽപ്പും ഉണ്ടായിരുന്നു

**B. ജഡാവതാരത്തിലൂടെയുള്ള ക്രിസ്തുവിന്റെ മനുഷ്യത്വം ഒരു പുറംതോടായിത്തീർന്നു**

- അവന്റെ ദിവ്യത്വത്തിന്റെ തേജസ്സ് അവന്റെ മനുഷ്യത്വമെന്ന പുറംതോടിനാൽ മറയ്ക്കപ്പെട്ടിരുന്നു
- തന്റെ ദിവ്യ ജീവനോടുകൂടിയ തന്റെ പരിധിയില്ലാത്തതും അപരിമേയവുമായ ദിവ്യ ആളത്തം തന്റെ ജഡത്തിൽനിന്നു വിടുവിക്കപ്പെടുന്നതിന് കർത്താവ് ശാരീരിക മരണത്തിന് വിധേയനാകണമായിരുന്നു
- കർത്താവായ യേശു നിലത്തു വീണു മരിക്കുകയും, ആ മരണം അവന്റെ മനുഷിക പുറംതോടിൽനിന്നും അവനെ വിടുവിക്കുകയും ചെയ്തു
- കർത്താവായ യേശു തന്റെ ദിവ്യജീവൻ വിടുവിക്കുന്നതിനായി, മരണത്തിലൂടെ തന്റെ ദേഹി ജീവനെ നഷ്ടപ്പെടുത്തി.

**C. നമ്മെ പരിമിതപ്പെടുത്തുകയും നമ്മെ ഞെരുക്കുകയും ചെയ്യുന്ന സാഹചര്യങ്ങളുടെ മധ്യത്തിൽ ഒരു ഗോതമ്പുമണിയായി നമുക്ക് ക്രിസ്തുവിനെ അനുഭവമാക്കാം**

- കർത്താവിന്റെ സർവാധികാരത്തിൽ, നമ്മെ പരിമിതപ്പെടുത്തുന്നതും, നമ്മെ ഞെരുക്കുന്നതുമായ സാഹചര്യത്തിലേക്ക് നാം വയ്ക്കപ്പെടുമ്പോഴെല്ലാം, നാം കർത്താവിനെ ബന്ധപ്പെടുമ്പോൾ, നമുക്ക് കർത്താവിനെ ഗോതമ്പായി അനുഭവമാക്കുവാനും അവനിൽ നമ്മുടെ സാഹചര്യവുമായി നാം തൃപ്തരായിരിക്കുകയും ചെയ്യും
- ഗോതമ്പെന്ന നിലയിൽ നാം പരിമിതപ്പെടുവാൻ മനസ്സുള്ളവരും, മരിക്കുവാൻ മനസ്സുള്ളവരും, അടക്കപ്പെടുവാൻ മനസ്സുള്ളവരും, ഒന്നുമല്ലാതായിരിക്കുവാൻ മനസ്സുള്ളവരും ആകുവാൻ ക്രിസ്തു നമ്മുടെ ജീവനാണ്; ഇതാണ് ഗോതമ്പെന്ന നിലയിലുള്ള ക്രിസ്താനുഭവം

## II. ആവർത്തനം 8:8a-ലെ യവം പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ സൂചിപ്പിക്കുന്നു

**A. യവം മറ്റെല്ലാ ധാന്യത്തെക്കാളും മുമ്പേ വിളയുന്നു; അതുകൊണ്ട്, അത് ആദ്യഫലമാണ്**

- യവം ഉയിർത്തെഴുന്നേറ്റവനും പരിധിയില്ലാത്തവനുമായ ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ്. നമ്മുടെ ഉള്ളിലുള്ള അവൻ ഏത് സാഹചര്യത്തെയും സന്ധിക്കുവാൻ പ്രാപ്തനാണ്
- ശരീരത്തിന്റെ തലയായ അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ ശരീരമായ നാമും ഉയിർപ്പിക്കപ്പെടും
- ആദ്യഫലമെന്ന നിലയിൽ ക്രിസ്തു ജീവന്റെ അപ്പമായിത്തീർന്നിരിക്കുന്നു; തന്മൂലം, യവത്തപ്പം നമ്മുടെ ആഹാരമെന്ന നിലയിൽ പുനരുത്ഥാനത്തിലുള്ള ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. നാം യവത്തപ്പമായി അവനെ ഭക്ഷിക്കുമ്പോൾ നാം അനുഭവമാക്കിയ ക്രിസ്തുവിനെകൊണ്ട് മറ്റുള്ളവരെ പോഷിപ്പിക്കുവാൻ നാം യവത്തപ്പമായി തീരുന്നു
- അഞ്ച് യവത്തപ്പം കൊണ്ട് കർത്താവായ യേശുവിന് അയ്യായിരം പേരെ പോഷിപ്പിക്കുവാനും ശേഷിച്ച കഷ്ണങ്ങൾ പന്ത്രണ്ട് കുട്ട ശേഖരിക്കുവാനും കഴിഞ്ഞു; ഇതാണ് പുനരുത്ഥാനം

**B. പുനരുത്ഥാനം ചെയ്ത ക്രിസ്തു പരിധിയില്ലാത്തവനാണ്**

- ഒരു വശത്ത്, ഗോതമ്പിനെയും മറുവശത്ത്, യവത്തെയും നമുക്ക് അനുഭവമാക്കാം. ഗോതമ്പ് മരണത്തിന്റെ താഴ്വരയാണെങ്കിൽ, യവം പുനരുത്ഥാന പർവതമാണ്
- ഗോതമ്പിനെ അനുഭവമാക്കുവാൻ, നാം യവത്തെ പ്രയോഗിക്കേണ്ടതാവശ്യമാണ്; പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ ശക്തിയിൽ നാം പരിമിതനായ യേശുവിനെ അനുഗമിക്കുന്നു
- നമ്മെ ശക്തരാക്കുന്നവനിൽ നമുക്ക് സകലവും ചെയ്യുവാൻ കഴിയും
- ക്രിസ്തുവിനെ നാം ഗോതമ്പായി അനുഭവിക്കുമ്പോഴെല്ലാം, യവമായ ക്രിസ്തുവിന്റെ അനുഭവം പിന്തുടരുന്നു
- നമ്മുടെ ഉള്ളിലുള്ള യവത്തപ്പത്തിന് നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുവാനും ഒരു ശേഷിപ്പ് ഉളവാക്കുവാനും കഴിയും
- ഉയിർത്തെഴുന്നേറ്റ ക്രിസ്തു യവത്തപ്പമാണ്; ഒന്നിനും അവനെ തടയുവാനോ പരിമിതപ്പെടുത്തുവാനോ കഴിയുകയില്ല
- നാം ഒരു യോഗത്തിലേക്കു വരുമ്പോൾ, നമ്മുടെ പ്രാർഥനയിലൂടെയോ സാക്ഷ്യത്തിലൂടെയോ മറ്റുള്ളവരെ പോഷിപ്പിക്കുവാൻ നാം അവനെ യവമായി പ്രയോഗിക്കണം